# 5

# ദൈവത്തിന്റെ രക്ഷയുടെ നിത്യമായ ഉദ്ദേശം

# (2:4-10)

ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു മുൻപുള്ള എഫെസ്യരുടെ വിരസമായ അവസ്ഥയെ ബോധ്യപ്പെടുത്തിയശേഷം, പ്രോൽസാഹന സന്ദേശമാണ് പൗലൊസ് നൽകുന്നത്. മനുഷ്യർക്കായി ദൈവം ഒരുക്കിയ മനോഹരമായ രക്ഷയെ അവൻ വിശദമാക്കുന്നു.

**സ്നേഹത്തിന്റെ ഉദ്ദേശം (2:4)**

**[4]കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം.**

**വാക്യം 4.** ജഡത്തിന്റെ മോഹത്തിൽ ജീവിച്ച് പാപത്തിൽ മരിച്ചിരുന്നവരായിരുന്നു എഫെസ്യർ എന്നു ഓർപ്പിച്ച ശേഷം, "എന്നാൽ ദൈവമോ" എന്ന പ്രയോഗം നടത്തി അവൻ അവർക്ക് വലിയോരു പ്രത്യാശ നൽകി. അവൻ എഴുതി, **കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം എന്നാണ് പറഞ്ഞത്.**

ദൈവം തികച്ചും പരിശുദ്ധനാണ്. പുരാതന യിസ്രായേലിനോടും, നമ്മോടും അവൻ പറഞ്ഞിരിക്കുന്നത് "ഞാൻ വിശുദ്ധനാകുന്നു" എന്നാണ് (ലേവ്യ. 11:44, 45; 19:2; 20:26; 1 പത്രൊ. 1:16). ദൈവം വിശുദ്ധനാകയാൽ, അവന് പാപവുമായി ബന്ധപ്പെടുവാൻ സാധ്യമല്ല (ഹബ. 1:13); പാപത്തെ അവൻ ശിക്ഷിക്കും (റോമർ 6:23). പരിശുദ്ധനായ ദൈവം പാപത്തെ ശിക്ഷിക്കുമ്പോൾ, അവൻ നീതി നടപ്പാക്കുകയാണ്-പാപിക്ക്-അർഹമായത്. എങ്ങനെയായാലും, ദൈവം "കരുണാസമ്പന്നനാകയാൽ" കോപത്താലുള്ള ന്യായവിധി നീങ്ങപ്പെടുന്നു. നീതിന്യായ പീഠത്തിലിരിക്കുന്ന ന്യായാധിപൻ, കുറ്റകൃത്യം ചെയ്തയാളെ പ്രതിരോധിക്കുമ്പോൾ, ചിലപ്പോൾ ന്യായാധിപൻ കുറ്റം ആരോപിക്കപ്പെട്ട ആളോട് കരുണ കാണിക്കും. നിയമപ്രകാരം കുറ്റവാളിക്ക് ശിക്ഷ ലഭിക്കുവാൻ അർഹനാണെങ്കിലും, വക്കീൽ ന്യായാധിപനോട് കരുണക്കായി അപേക്ഷിക്കുന്നു. എന്നാൽ ക്രൂര കൃത്യം ചെയ്ത കുറ്റവാളിക്ക് കോടതി മരണശിക്ഷ വിധിക്കും. എങ്ങനെയായാലും, ദൈവം നമ്മോട് കരുണയോടുകൂടെയാണ് ഇടപെടുന്നത്; അർഹമായ പിഴ നമുക്ക് തരാതിരിക്കുകയാണ്. എന്നാൽ, ഹൃദയ കാഠിന്യം നിമിത്തം പാപത്തിൽ തുടർന്നു ജീവിക്കുന്നവർക്ക് നീതിമാനായ ദൈവം നിത്യമരണം നൽകും; പക്ഷെ ദൈവത്തിന്റെ കരുണ സ്വീകരിക്കുന്നവർക്ക് അവൻ അത് ധാരാളമായി നൽകും.

എഫെസ്യർ മുൻപ് ആരായിരുന്നു എന്നും, അവർ ഇപ്പോൾ ആരായി തീർന്നു എന്നും വ്യക്തമായി കാണിക്കുന്ന പ്രയോഗമാണ് "എന്നാൽ ദൈവ

മോ" എന്നത്. ദൈവം നീതിയോടെ കോപിക്കുന്നവനാണെങ്കിലും, അവൻ കരുണാ സമ്പന്നനായതിനാൽ ദൈവമാണ് മുന്നിട്ടിറങ്ങിയത്. ദൈവത്തിൽ കരുണാ നിറവുള്ളതിനാൽ, അവൻ തന്റെ ജനത്തെ നിത്യമായ മരണത്തിനു വിധിക്കാതെ-പാപത്തിന്റെ ശരിയായ ശമ്പളം നൽകാതെ-നമുക്ക് അവൻ ജീവൻ നൽകി.

"അവൻ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം" എന്നു പറഞ്ഞിരിക്കുന്നത് പാപത്തിൽ ജീവിച്ചിരുന്നവരിലേക്ക് തന്റെ കരുണയെ പ്രദർശിപ്പിക്കുന്നതിൽകൂടെയാണ്. പാപികളോടുള്ള ദൈവത്തിന്റെ മനോഭാവമാണ് കരുണ, എന്നാൽ പാപികൾക്കു വേണ്ടി അവൻ ചെയ്യുന്ന ലക്ഷ്യത്തെ കാണിക്കുന്നതാണ് സ്നേഹം. ദൈവകരുണ സമ്പന്നവും, അവന്റെ സ്നേഹം വലിയതുമാണെന്നാണ് പൗലൊസ് പറഞ്ഞത്. "നിമിത്തം" എന്നത് *ഡയാ* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ്, അർത്ഥം, "തൃപ്തിപ്പെടുത്തുവാൻ"[1]; അവന്റെ വലിയ സ്നേഹത്തെ തൃപ്തിപ്പെടുത്തുവാൻ ദൈവം തന്റെ കരുണ നമ്മിൽ പ്രദർശിപ്പിച്ചു.

ഇംഗ്ലീഷിലുള്ളതുപോലെ "സ്നേഹം," എന്ന വാക്കിന് ഗ്രീക്കിൽ ഒറ്റവാക്കില്ല, എന്നാൽ നാലു വാക്കുകളാണുള്ളത്. വില്യം ബാർക്ലെ ആ നാല് വാക്കുകളുടെയും അർത്ഥം വിശദമാക്കിയിരിക്കുന്നു.[2] (1) *എരോസ്* എന്ന വാക്ക് പറയുന്നത് രണ്ടുപേർ തമ്മിലുള്ള ലൈംഗീക സ്നേഹം, അല്ലെങ്കിൽ ശാരീരിക സ്നേഹമാണ്. ആ വാക്ക് വ്യതിചലിച്ച് മോഹവികാരങ്ങളായി രൂപപ്പെട്ടിരിക്കുന്നത് പുതിയ നിയമത്തിൽ ഇല്ല. (2) *സ്റ്റോർഗെ* എന്നത് കുടുംബ പരമായ ബന്ധത്തെ സൂചിപ്പിച്ച് മാതാപിതാക്കൾക്ക് മക്കളോടും മക്കൾക്ക് മാതാപിതാക്കളോടുമുള്ള സ്നേഹത്തെയാണ് പറയുന്നത്. അത് റോമർ 12:10-ൽ നാമ വിശേഷണ രൂപത്തിൽ കാണാം, "ഭക്തിയുള്ള" (''ദയവുള്ള-ബന്ധം"; കെജെവി). (3) ഭർത്താവും ഭാര്യയും തമ്മിലും, സ്നേഹിതന്മാർ തമ്മിലും ഉള്ള സ്നേഹത്തിനു പറയുന്ന വാക്കാണ് *ഫിലിയ*. യേശുവിനു ലാസറിനോടുണ്ടായിരുന്ന സ്നേഹത്തെ ആ വാക്കുപയോഗിച്ചു പറയുന്നു (യോഹ. 11:3, 36), അവനു യോഹന്നാനോടുള്ള സ്നേഹത്തിനും (യോഹ. 20:2), അപ്പനോടും, അമ്മയോടും, മകനോടും, മകളോടും ഉള്ള സ്നേഹത്തിന് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (മത്താ. 10:37). (4) പുതിയ നിയമത്തിൽ സാധാരണ "സ്നേഹം" എന്നതിനു കാണുന്ന വാക്കാണ് *അഗാപ്പെ*. ഈ വാക്ക് ക്ലാസിക്കൽ ഗ്രീക്കിൽ സാധാരണ കാണുന്നതല്ല, എന്നാൽ പുതിയ നിയമത്തിൽ "സ്നേഹം" എന്നതിനു മുഖ്യമായി കാണുന്ന വാക്കാണ് അത്.

*അഗാപ്പെ* എന്ന വാക്ക് പുതിയ നിയമത്തിൽ, നാമമായും ക്രിയയായും 250 ലധികം പ്രാവശ്യം കാണാം. അത് "സ്നേഹം" എന്നതിനു പ്രധാനപ്പെട്ട വാക്കാണ്. കാരണം പുതിയ നിയമത്തിൽ സ്നേഹത്തിന്റെ ആശയം മുഴുവനായും വ്യക്തമാക്കുവാൻ പര്യാപ്തമായ വാക്കാണ് അത്. ദൈവം ബോധ്യപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ഏക വാക്കാണ് *അഗാപ്പെ*. സ്നേഹിതനേയും ശത്രുവിനേയും ഉൾപ്പെടുത്തുന്ന അർത്ഥവത്തായ വാക്കാണ് അഗാപ്പെ. "സ്നേഹം" പ്രകടിപ്പിക്കുന്ന മറ്റു വാക്കുകൾ വിചാരിക്കാത്ത തോന്നലുകളും വികാരങ്ങളും ആണ്-അതായത്. "പ്രണയത്തിലാകുക" അല്ലെങ്കിൽ ഒരു അമ്മക്ക് കുട്ടിയോട് സ്വാഭാവികമായി തോന്നുന്ന സ്നേഹം-*അഗാപ്പെ*യിൽ ഇഷ്ടവും അടങ്ങുന്നു. ഉറച്ച തീരുമാനത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ് ഈ സ്നേഹം, എന്തുവന്നാലും ഒരാൾ മറ്റൊരാളുടെ നന്മയെ കാംക്ഷിച്ച്

ചെയ്യുന്നതാണ് അത്. *അഗാപ്പെ* "കീഴ്പ്പെടുത്തുവാൻ പറ്റാത്ത ഉപകാരവും അജെയമായ സൗമനസ്യവുമാണ്."[3] ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹം സാർവ്വലൗകീകവും ത്യാഗോജ്ജ്വലവുമായിട്ടാണ് പുതിയ നിയമം പഠിപ്പിക്കുന്നത് (യോഹ. 3:16), നാം അതിന് അനർഹരുമാണ് (റോമർ 5:8), അത് രക്ഷിക്കുന്നതും ശുദ്ധീകരിക്കുന്നതുമാണ് (2 തെസ്സ. 2:13). എഫെസ്യർ 2:4-ൽ. അത് കരുണാകരമായ സ്നേഹമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അഗാപ്പെ ദൈവം പാപികൾക്കുവേണ്ടി ചെയ്തതിൻെറയെല്ലാം ലക്ഷ്യത്തെയാണ് കാണിക്കുന്നത്.

## ജീവിതത്തിന്റെ ഉദ്ദേശം (2:5)

**[5]അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും-(കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു).**

**വാക്യം 5.** ദൈവത്തിന് എല്ലാവരോടുമുള്ള കരുണയും കരുണാ പൂർവ്വമായ സ്നേഹത്തെയും പൗലോസ് കൂടുതലായി താഴെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നു. പാപികൾ [തങ്ങളുടെ] **അകൃത്യങ്ങളിലും** പാപങ്ങളിലും മരിച്ചിരുന്നതായി വാക്യം 1-ൽ ഊന്നി പറയുന്നത് ആത്മീക മരണത്തെയാണ്. അത്തരം പാപികളോട് അവൻ കരുണയും സ്നേഹവും പുലർത്തുന്നു. അതേ ഗ്രീക്കുവാക്ക്, *പാരാപ്റ്റോമ* തർജ്ജിമ ചെയ്തിരിക്കുന്നത് "ലംഘനങ്ങൾ", ഇവിടെ അത് വാക്യം 1-ൽ "അതിക്രമങ്ങൾ" എന്നാണ്. **നാം മരിച്ചവരായിരുന്നപ്പോൾ** എന്നത് കാണിക്കുന്നത് ദൈവം എല്ലാ പാപികളേയും കരുണാപൂർവ്വം സ്നേഹിക്കുന്നു എന്നാണ്. പാപികൾ പാപത്തിലായിരുന്നപ്പോൾ, അവരെ രക്ഷിക്കുവാൻ വേണ്ടതെല്ലാം ദൈവം ചെയ്തു.

ആ പാപികൾക്കു വേണ്ടി ദൈവം എന്താണ് ചെയ്തത്? അവൻ **നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചു.** ക്രിസ്തുവിൽ ദൈവം നമുക്ക് ആത്മീക ജീവിതം നൽകി. ആത്മീയ മരണം ദൈവത്തിൽനിന്നുള്ള വേർപാട് ആണെങ്കിൽ (2:1 നോക്കുക). ആത്മീയ ജീവൻ ദൈവത്തോടുള്ള നിരപ്പാണ്. ക്രിസ്തു വലിയ നിരപ്പിക്കുന്നവനാണ്. നമ്മെ ദൈവത്തോട് "നിരപ്പിക്കുവാൻ" (2:13), ക്രിസ്തുവിന്റെ ക്രൂശീകരണം അഥവാ "ക്രിസ്തുവിന്റെ രക്തം" അത് സാദ്ധ്യമാക്കി എന്നാണ് പൗലോസ് പറഞ്ഞത്. ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റ് പാപത്തോട് നാം മരിക്കുമ്പോൾ അവനോടുകൂടെ ഉയിർത്തെഴുന്നേറ്റ് ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ തുടങ്ങുന്നു (റോമർ 6:1-4). ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളികളായവരാണ്. അങ്ങനെയാണ് നമുക്ക് പുതുജീവൻ ലഭിച്ചത്. ആ ചിന്ത വെച്ചുകൊണ്ട് പൗലൊസ് ഗലാത്യർ 2:20-ൽ പറഞ്ഞു, "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു." പാപത്തിൽ വസിക്കുന്നത് ക്രിസ്തുവിനോട് കൂടെ മരിക്കുമ്പോൾ നിർത്തലാക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേൽക്കുമ്പോൾ അവൻ നമ്മിൽ ദൈവീകമായ ജീവൻ പകർന്നു തരുന്നു.[4]

മനുഷ്യരോടുള്ള ദൈവത്തിന്റെ വലിയ സ്നേഹം നിമിത്തം, അവൻ പാപികളെ തന്നോട് ചേർക്കുകയും അവർക്ക് ആത്മീക ജീവൻ നൽകുകയും ചെയ്യും. പൗലൊസ് 2 കൊരിന്ത്യർ 5:17, 18-ൽ ഇങ്ങനെ പറയുന്നു; "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു

പോയി; ... അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു ...”

കൊലൊ. 2:12, 13-ൽ കൊലൊസ്യർ തങ്ങളുടെ അകൃത്യങ്ങൾ നിമിത്തം മരിച്ച അവസ്ഥയിൽ നിന്നും ജീവിച്ചതിനെക്കുറിച്ച് പൗലൊസ് കൂടുതലായി വിശദമാക്കുന്നു; അവർ സ്നാനമേറ്റപ്പോൾ ദൈവം അവരോടു ക്ഷമിച്ചു. പാപം ആത്മീയ മരണത്തെ ഉളവാക്കി, എന്നാൽ അനുസരണം, പാപ മോചനവും, ആത്മീയ ജീവനും, നിരപ്പും കൊണ്ടുവന്നു. ദൈവത്തിൻെറ വലിയ സ്നേഹവും കരുണയുമാണ് അത് സാദ്ധ്യമാക്കി തീർത്തത്.

ഒരു മനുഷ്യനിലേക്ക് ദൈവത്തിന്റെ കരുണയും സ്നേഹവും വരുവാൻ ഇടയായത് അവന്റെ **കൃപ**യാലാണ്. “കൃപ,” എന്നതിന്റെ ഗ്രീക്ക് നാമം *കാരിസ്*, അർത്ഥം “നേടുവാൻ കഴിയാത്ത അനർഹമായ ആനുകൂല്യം” സ്നേഹവും പാപമോചനത്തിലുള്ള നന്ദിയും കൊണ്ടുവരുന്നു.[5] കൃപ, രക്ഷക്ക് ദൈവം ആരംഭം കുറിക്കുന്നതാണ് വ്യക്തമാക്കുന്നത്. നമുക്ക് രക്ഷനൽകുന്നത് നാം നല്ലവരായതുകൊണ്ടോ, സൽപ്രവൃത്തികൾ ചെയ്യുന്നത്കൊണ്ടോ അല്ല, അവന്റെ കൃപയാലാണ്. രക്ഷ അർഹവും, യോഗ്യവും, നേടിയെടുക്കാവുന്നതുമാണെങ്കിൽ അത് കൃപയാൽ ലഭിക്കുന്നത് ആയിരിക്കയില്ല. ഇത് പലർക്കും മനസിലാക്കുവാൻ ബുദ്ധിമുട്ടുളവാക്കുന്നു. രക്ഷ കൃപയാലാണ് ലഭിക്കുന്നതെങ്കിൽ, രക്ഷ നാം സ്വീകരിക്കേണ്ടതില്ല എന്നാണ് ചിലർ പറയുന്നത്. എങ്ങനെയായാലും, ബൈബിൾ ഒരിക്കലും അങ്ങനെ പറയുന്നില്ല. നാം വേണ്ടത്ര സൽപ്രവൃത്തികൾ രക്ഷിക്കപ്പെടുവാൻ ചെയ്യണമെന്നാണ് വേറെ ചിലർ പറയുന്നത്. നമ്മുടെ മോശമായ പ്രവൃത്തികളെക്കാൾ കൂടുതൽ ആയിരിക്കണം സൽപ്രവൃത്തികൾ എന്നാണ് അവർ വിചാരിക്കുന്നത്. ആ കാഴ്ചപ്പാട് ദൈവത്തിന്റെ കൃപയെ മനസിലാക്കുന്നില്ല, പാപം ദൈവത്തോടുള്ള ബന്ധത്തെ ബാധിക്കുമെന്നും അവർ തിരിച്ചറിയുന്നില്ല. പിന്നീട് വാക്യം 8ലും 9ലും, ദൈവകൃപയോട് എങ്ങനെ പ്രതികരിക്കണമെന്ന് പൗലൊസ് വിശദമാക്കി.

**രക്ഷിക്കപ്പെട്ടിരിക്കുന്നു** എന്നത് ഗ്രീക്കിൽ, പൂർണ നിഷ്ക്രിയമായ, ക്രിയാബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്, അത് കഴിഞ്ഞകാല പ്രവൃത്തിയുടെ ഫലം വർത്തമാന കാലത്തിലും സംഭവിക്കുന്നതിനെയാണ് പറയുന്നത്. ഇവിടെ ഉപയോഗിച്ച നിഷ്ക്രിയ ഉപയോഗം കാണിക്കുന്നത് നമുക്കുവേണ്ടി ചെയ്തതാണ്, അല്ലാതെ നാം ചെയ്യേണ്ടതല്ല. നാം ദൈവത്തിൽ ആശ്രയിക്കുന്നു. ഈ സന്ദർഭത്തിൽ പൗലൊസ് ഭൂതകാലത്തേയും, വർത്തമാന കാലത്തേയും, ഭാവികാലത്തേയും രക്ഷയെക്കുറിച്ചാണ് പറയുന്നത്. നാം രക്ഷിക്കപ്പെട്ടിരിക്കുന്നു (ഭൂതകാലം), നാം ക്രിസ്തുവിനോടുകൂടെ ആത്മീയ പ്രതലത്തിൽ ഇരിക്കുന്നു (വർത്തമാന കാലം), നാം വരുവാനുള്ള ലോകത്തിൽ ദൈവത്തിന്റെ ദയവിന് പാത്രീഭൂതമാകും (ഭാവി). കഴിഞ്ഞകാലത്ത് ക്രിസ്ത്യാനി നീതീകരിക്കപ്പെട്ടു, വർത്തമാന കാലത്തിൽ അവൻ ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെടുകയും ഭാവിയിൽ അവൻ തേജസ്കരിക്കപ്പെടുകയും ചെയ്യും.

### പാരമ്പര്യത്തിന്റെ ഉദ്ദേശം (2:6-10)

**6 ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിനു 7 ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും**

**ചെയ്തു. [8]കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്, അതിനു നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. [9]ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. [10]നാം അവന്റ കൈപ്പ ണിയായി സൽപ്രവൃത്തിക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാ കുന്നു; നാം ചെയ്തുപോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.**

**വാക്യം 6**. നമുക്ക് രക്ഷ നൽകുന്നതിനു പുറമേ, ദൈവം ധനികവും മഹത്വകരവുമായ ഒരു പാരമ്പര്യമാണ് നൽകിയിരിക്കുന്നത് (1:18 നോക്കുക).

ദൈവം ക്രിസ്ത്യാനികളെ "ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കുകയും" (2:5) അവനോടുകൂടെ ഉയർപ്പിക്കയും ചെയ്തു. റോമർ 6:1-18-ൽ, പൗലൊസ് ഈ ആശയത്തെ വിശദീകരിച്ചിരിക്കുന്നു. (1) ക്രിസ്ത്യാനി പാപ സംബന്ധ മായി മരിക്കുകയും എന്ന് പറഞ്ഞത് സ്നാനത്തിൽ അവനോടുകൂടെ അട ക്കപ്പെടുകയും ഉയിർത്തെഴുന്നേറ്റ് ജീവന്റെ പുതുക്കത്തിൽ നടക്കുകയും ചെയ്യുന്നു. (2) ക്രിസ്ത്യാനി ക്രിസ്തുവിനോടുകൂടെ മരിക്കയാൽ ഇനി പാപ ത്തിന് അവൻ അടിമയാകുന്നില്ല. (3) പാപസംബന്ധമായി മരിച്ച് ദൈവത്തിനാ യി ജീവിക്കുന്നു എന്നാണ് ക്രിസ്ത്യാനി കണക്കാക്കേണ്ടത്. (4) ആത്മീയ മരണത്തിൽനിന്ന് ജീവിച്ചവനായിട്ടാണ് ക്രിസ്ത്യാനി ദൈവത്തിന് ഏല്പിച്ചു കൊടുക്കേണ്ടത്. (5) പാപത്തിന്റെ ഫലമായി മരണത്തിൽനിന്ന് സ്വതന്ത്രനാ യി "ഉപദേശരൂപത്തെ ഹൃദയപൂർവം അനുസരിച്ച്" നീതിക്ക് ദാസന്മാരായി അവന് ഏല്പിച്ചുകൊടുക്കുന്നു (റോമ. 6:17).

പൗലൊസ് പോയ സ്ഥലങ്ങളിലെല്ലാം പ്രസംഗിച്ച സത്യമാണ്: "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അട ക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു" (1 കൊ. 15:3, 4). ആ ഉപദേശം ഒരു മോഡൽ അല്ലെങ്കിൽ മാതൃക ആയിരുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതുകൊണ്ട് റോമയിലുണ്ടായി രുന്ന ക്രിസ്ത്യാനികളും പാപസംബന്ധമായി മരിച്ചിരുന്നു. ക്രിസ്തു അടക്കപ്പെ ട്ടതുപോലെ റോമാക്കാരും സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെട്ടിരുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റതുപോലെ റോമാക്കാരും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു ഉയർത്തെഴുന്നേറ്റിരുന്നു (റോമർ 6:1-6). പറയുന്ന രീതി അനു സരിച്ച് അവർ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റു.

കൊലൊ. 2:12 ലും 3:1 ലും, ഇതേ ആശയം പൗലൊസ് കൊലൊസ്യർക്ക് ലേഖനമെഴുതുമ്പോഴും "സ്നാനത്തിൽ അവനോടുകൂടെ അടക്കപ്പെടുകയും" "ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു" എന്ന് പറയുന്നു. സ്നാന സമയത്ത്, ദൈവത്തിന്റെ വാഗ്ദാനമനുസരിച്ചുള്ള പ്രവൃത്തിയിൽ തങ്ങളുടെ വിശ്വാസം പ്രകടമാക്കി "വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷി ക്കപ്പെടും" (മർ. 16:16). കൊലൊസ്യയിലുള്ള ക്രിസ്ത്യാനികൾ ക്രിസ്തുവി നോടുകൂടെ ഉയർത്തെഴുന്നേറ്റവരായതിനാൽ പൗലൊസ് അവരോട് ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷി പ്പിൻ" എന്നു പറഞ്ഞു (കൊലൊ. 3:1).

സ്നാനമേറ്റ് **ക്രിസ്തുവേശുവിലായ** എഫെസ്യയിലുള്ള മറ്റു ക്രിസ്ത്യാ നികൾക്കും ഇതു തന്നെയാണ് വാസ്തവം. അവരെ അവൻ ഉയിർപ്പിച്ച് **അവ നോടുകൂടെ സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു** (1:3 നോക്കുക), അതായത്

ആത്മീയ പ്രതലത്തിൽ. “സ്വർഗ്ഗത്തിൽ” എന്നു പറയുന്നത് രക്ഷിക്കപ്പെട്ടതിനേയും, ക്രിസ്തുവിലായതിനേയും, പാപത്തിൽനിന്ന് മോചിക്കപ്പെട്ടതിനേയും, ചെയ്തു തീർക്കേണ്ടതിനേയും, പോരാടേണ്ടതിനേയുമാണ് ഓർപ്പിക്കുന്നത്. ഈ സ്വർഗ്ഗീയ തലത്തിൽ, അല്ലെങ്കിൽ ആത്മീയമായ പ്രതലത്തിൽ സഭ ഇപ്പോഴും സുവിശേഷമറിയിച്ചുകൊണ്ടിരിക്കുന്നു (3:10)-ആത്മീയ പോരാട്ടം സ്വർഗ്ഗത്തിലെ ദുഷ്ടാത്മ സേനയോടാണ് നടത്തുന്നത് (6:10-12).

**വാക്യം 7.** പൗലൊസ് പറയുന്നതനുസരിച്ച്, **ക്രിസ്തുവേശുവിൽ തന്റെ കൃപയാൽ കാണിച്ച ധാരാളമായ അപ്രമേയ ധനങ്ങൾ വരുംകാലങ്ങളിൽ നമുക്കു ലഭിക്കേണ്ടതിനു,** ദൈവം നമ്മെ രക്ഷിച്ച് അവന്റെ വിശുദ്ധന്മാരായി ജീവിപ്പിക്കുന്നു (2:7). തീർച്ചയായും, രക്ഷ മനുഷ്യന്റെ നന്മക്കുവേണ്ടിയാണ്. ദൈവത്തിന്റെ പുകഴ്ച്ചക്കുകൂടെയാണ് (1:6, 12, 14). അതിനു പുറമേ രക്ഷിക്കപ്പെട്ടവർക്ക് അവന്റെ കൃപാ മഹത്വത്തിന്റെ ധനം മനുഷ്യരെ രക്ഷിക്കുന്നതിനാൽ ദൈവം “കാണിക്കുന്നു.” “വരുവാനുള്ള ലോകം” എന്നു പറയുന്നത് ക്രിസ്തുവിന്റെ രണ്ടാംവരവിൽ നടക്കുന്നതും, മരിച്ചവരുടെ ഉയർപ്പും ന്യായവിധിയും അപ്പോഴാണ് സംഭവിക്കുന്നത്. ലോകാവസാനത്തിൽ ദൈവം എല്ലാവരേയും അവന്റെ മുമ്പാകെ വരുത്തുകയും, അവൻ അവരെ-സകല സ്വർഗ്ഗീയ ദൂതന്മാരുടേയും മുമ്പാകെ-ക്രിസ്തുയേശുവിലുള്ള വിശുദ്ധന്മാരോട് തന്റെ കൃപാ മഹത്വം കാണിക്കുകയും ചെയ്തു.

ദൈവ കൃപയെകുറിച്ചു മാത്രമല്ല പൗലൊസ് പറഞ്ഞത്, “ധാരാളമായ അവന്റെ കൃപയുടെ അപ്രമേയ ധനത്തേയും” കുറിച്ചാണ്. ഉപയോഗിച്ച ക്രിയാബന്ധം (*ഹൂപെർബാലോ*, “ധാരാളമായ”) 2 കൊരിന്ത്യർ 9:14-ൽ, ദൈവത്തിന്റെ കൃപയെ വിവരിക്കുവാനും ഇത് ഉപയോഗിച്ചിരിക്കുന്നു. എഫെസ്യ ലേഖനത്തിൽ മറ്റൊരു ഭാഗത്ത്, ക്രിസ്തുവിന്റെ സ്നേഹത്തെയും ശക്തിയേയും വിവരിക്കുവാൻ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (1:19; 3:19).

> അവസാനത്തെ വാക്യം അനുസരിച്ചും സമാന്തര വാക്യങ്ങൾ 1:19-21 ഉം 2:4-7 ഉം തമ്മിലും ... ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേൽപിച്ച് സ്വർഗീയ പ്രതലത്തിൽ ഇരുത്തിയതു ദൈവത്തിന്റെ ധാരാളമായ ശക്തിയുടെ പ്രദർശനവും, പിന്നെ ക്രിസ്ത്യാനികളെ ഉയർപ്പിച്ച് ക്രിസ്തുവിനോടുകൂടെ സ്വർഗിയ പ്രതലത്തിൽ ഇരുത്തുകയും ചെയ്തത് ദൈവത്തിന്റെ ധാരാളമായ കൃപയാണ് കാണിക്കുന്നത്.[6]

2:4-7 ൽനിന്ന് ചുരുങ്ങിയത് മൂന്നു തീർപ്പുകൾ എടുക്കാവുന്നതാണ്. (1) ക്രിസ്തുവിനെ ഉയർപ്പിച്ച് ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുത്തുകയും, സുവിശേഷം അനുസരിച്ച ക്രിസ്ത്യാനിയെ ഉയർപ്പിച്ച് ക്രിസ്തുവിനോടുകൂടി സ്വർഗത്തിൽ ഇരുത്തുകയും ചെയ്തിരിക്കുന്നു. (2) ക്രിസ്തുവിനു ലഭിച്ച തേജസ്ക്കരണവും, ക്രിസ്ത്യാനിക്ക് അവനോടുള്ള ഭാവിയിലെ ബന്ധവും അന്തർലീനമാക്കിയിരിക്കുന്നു. (3) വിശ്വാസിക്കായി ദൈവം കൈവരിച്ച നേട്ടം പൂർണ്ണമായി കാണിക്കുന്നത് വരുവാനുള്ള ലോകത്തിൽ, ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ, നാം അവനോടുകൂടെ മഹത്വത്തിൽ ആകുമ്പോഴായിരിക്കും (കൊലൊ. 3:4 നോക്കുക).

ദൈവത്തിന് പാപികളോടുള്ള മനോഭാവത്ത കാണിക്കുന്ന വാക്കുകളാണ് “കരുണ,” “സ്നേഹം,” “കൃപ” എന്നിവയെന്ന് പൗലൊസ് പറഞ്ഞു

കഴിഞ്ഞു (2:4-7). വാക്യം 7 ലെ ആ വാക്കുകളോടുകൂടി "ദയവ്" എന്ന വാക്കും ചേർത്തിരിക്കുന്നു (*ക്രെസ്റ്റോറ്റസ്*), മനുഷ്യവർഗത്തിന് നന്ദി ഇല്ലാതിരുന്നിട്ടും ദൈവത്തിന് തന്റെ ജനത്തോടുള്ള വാൽസല്യവും, കരുതലുള്ള ധർമ്മോപകാരവുമാണ് അത് സൂചിപ്പിക്കുന്നത്.[7]

**വാക്യം 8. കാരണം** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഗാർ* ആണ്, അതിനെ പൗലൊസ് അടുത്തതായി എഴുതിയിരിക്കുന്ന ധാരാളമായ ദൈവത്തിന്റെ കൃപയുമായി ബന്ധപ്പെടുത്തിയിരിക്കുകയാണ്. കൃപയാലാണ് എഫെസ്യർ രക്ഷിക്കപ്പെട്ടത് എന്നാണ് പൗലൊസ് പറഞ്ഞത് (2:5), അത് മനുഷ്യന്റെ വിശ്വാസത്തിൽ കൃപക്കുള്ള പ്രാധാന്യത്തെയാണ് പറയുന്നത്.

കൃപയാൽ **രക്ഷിക്കപ്പെട്ട** വ്യക്തി ആ **കൃപ** സ്വീകരിക്കേണ്ട എന്ന് അർത്ഥമാക്കരുത്. രക്ഷക്കാവശ്യമായതെല്ലാം കൃപയാലാണ് രൂപപ്പെടുത്തിയത് എന്നു പറയപ്പെട്ടിട്ടുണ്ട്, എന്നാൽ *ഏതെങ്കിലും* ഒന്നുകൊണ്ട് മാത്രം രക്ഷിക്കപ്പെടുമെന്ന് ബൈബിളിൽ ഒരു ഭാഗത്തും പറഞ്ഞിട്ടില്ല. മനുഷ്യരിലേക്ക് രക്ഷ എത്തിക്കുവാൻ ദൈവം ചെയ്തതെല്ലാം കൃപയാലായിരുന്നു ചെയ്തത്. "ഈ ദൈവകൃപ ... എല്ലാവർക്കുമായിട്ടാണ് ഉദിച്ചത്" (തിത്തൊ. 2:11). പിന്നെ, എന്താണ് എല്ലാവരും രക്ഷിക്കപ്പെടാത്തത്? എല്ലാവരും ദൈവത്തിന്റെ കൃപ ശരിയായ രീതിയിൽ സ്വീകരിച്ചിട്ടില്ല എന്നതാണ് ലളിതമായ ഉത്തരം, അതായത് **വിശ്വാസം മൂലം**. 2 കൊരിന്ത്യർ 6:1-ൽ, പൗലൊസ് പറയുന്നത്, ഒരാൾ "ദൈവത്തിന്റെ കൃപയെ വ്യർത്ഥമാക്കിയേക്കാം" എന്നാണ്.

മനുഷ്യരക്ഷ ദൈവഭാഗത്തുനിന്നുള്ള കൃപയാലാണ് ലഭ്യമാകുന്നത്, എന്നാൽ മനുഷ്യരുടെ ഭാഗത്തുനിന്ന് ദൈവത്തോടുള്ള പ്രതികരണത്തിൽ ഉണ്ടാകേണ്ടത് "വിശ്വാസമാണ്." "വിശ്വാസം," വിശ്വസിക്കുക എന്നീ വാക്കുകൾ പുതിയനിയമത്തിൽ, ഒരാളുടെ മുഴുവൻ പ്രതികരണത്തെയും ഉദ്ദേശിച്ചാണ് മനസിലാകുന്ന ഭാഷയിൽ പറഞ്ഞിരിക്കുന്നത് (യോഹ. 3:16; റോമർ 1:16; 5:1 നോക്കുക). അതിനു പുറമെ, പുതിയനിയമത്തിൽ, പ്രത്യേകമായ രീതിയിലും "വിശ്വാസം," "വിശ്വസിക്കൽ" എന്നീ വാക്കുകൾ ദൈവത്തോടുള്ള പല പ്രതികരണങ്ങളിൽ ഒന്നായിട്ട് ഉപയോഗിച്ചിട്ടുണ്ട് (മർ. 16:16; പ്രവൃ. 18:8). പ്രവൃത്തികൾ 16:25-34-ൽ, ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയുടെ പരിവർത്തനത്തെ ലൂക്കൊസ് വിവരിച്ചിരിക്കുന്നു. കാരാഗൃഹപ്രമാണി പൗലൊസിനോട്, "രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം?" എന്നു ചോദിച്ചതിന്ന് അവൻ പറഞ്ഞു, "കർത്താവായ യേശുവിൽ വിശ്വസിക്ക" (വാക്യങ്ങൾ 30, 31). പൗലൊസ് പിന്നെ അവനോട്, "കർത്താവിന്റെ വചനം അറിയിക്കുകയും," അവനും അവന്റെ ഭവനക്കാരൊക്കെയും സ്നാനം ഏൽക്കുകയും ചെയ്തു. (വാക്യങ്ങൾ 32, 33). കാരാഗൃഹ പ്രമാണി സ്നാനം ഏറ്റു കഴിഞ്ഞപ്പോൾ, "ദൈവത്തിൽ വിശ്വസിച്ചതിൽ" സന്തോഷിച്ചു (വാ. 34). വിശ്വാസത്തിൽ അനുസരണവും ഉൾപ്പെടുന്നു എന്ന് ഈ വിവരണം വ്യക്തമാക്കുന്നു.

ക്രിസ്തുവിനോടുള്ള പ്രതികരണ വിശ്വാസം "വിശ്വാസം മാത്രമാണ്" എന്നാണ് പ്രചാരത്തിലുള്ള സംസാരം. എന്നാൽ പുതിയനിയമത്തിൽ അങ്ങനെ പറയുന്നില്ല. "വിശ്വാസം മാത്രം" എന്ന വാക്ക് പുതിയനിയമത്തിൽ, "അല്ല" എന്ന അർത്ഥത്തിൽ മാത്രമാണ് ഒരു പ്രാവശ്യം കാണുന്നത് (യാക്കൊ. 2:24).

"വിശ്വാസം," "വിശ്വസിക്കൽ," "വിശ്വസിക്കുക" എന്നീ വാക്കുകൾ

തർജിമ ചെയ്തിരിക്കുന്നത് ഒരേ മൂല വാക്കിൽനിന്നാണ്. ക്രിയാ രൂപം *പി സ്റ്റെയുവോ* ആണ്, അതിനെ നിർവ്വചിക്കാവുന്നത്, *"സമ്മതം പൂർണ്ണമായി ബോധ്യമാക്കുന്നു" അല്ലെങ്കിൽ "ഇളകാത്ത ഉറപ്പായ വിശ്വാസം."*[8] വിശ്വാസം എന്ന ആശയത്തിൽ "... ആശ്രയം, തീർച്ച, ... അനുസരണം" എന്നിവ ഉൾപ്പെടുന്നു.[9] ബൈബിൾ വിശ്വാസം, മനസിലാക്കിക്കൊണ്ടുള്ളതാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും, ദൈവം അംഗീകരിക്കുന്ന വിശ്വാസത്തിൽ, മൂന്നു മൂലക സ്വഭാവങ്ങൾ ഉണ്ടായിരിക്കണം, തീർച്ച, ആശ്രയം, അനുസരണം എന്നിവയാണ് അവ.

അനുസരണമുള്ള വിശ്വാസം ആവശ്യമാണെങ്കിലും, നമുക്ക് സ്വയമായി രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. പൗലൊസ് പിന്നെ പറഞ്ഞു, **അത് നമ്മുടേതല്ല, ദൈവത്തിന്റെ ദാനമത്രെ ആകുന്നു**. "അത്" *ടൗടോ* തർജിമ ചെയ്തതാണ്, അതിൽ രക്ഷാ നടപടികളെല്ലാം അന്തർലീനമായിരിക്കുന്നു. ദൈവത്തിന്റെ കൃപയാലാണ് രക്ഷ സാധ്യമാക്കിയത്, മനുഷ്യന്റെ വിശ്വാസം മൂലമാണ് ആ രക്ഷ നാം സ്വീകരിക്കുന്നത്, അപ്പോൾ അത് മനുഷ്യപ്രയത്നത്താൽ വന്നതല്ല, ദൈവം നൽകിയ "ദാനമാണ്." രക്ഷ "ദൈവത്തിന്റെ" ദാനം ആകയാൽ, മനുഷ്യർ അതിന് *ഒന്നും ചെയ്യേണ്ടതില്ല* എന്നു പറയുന്നവർ മനസിലാക്കേണ്ടത്, ദാനം സ്വീകരിക്കാതെ അതിന്റെ പ്രയോജനം ലഭിക്കുകയില്ല എന്നതാണ്. ദൈവം തന്റെ ദാനമായ രക്ഷ കൃപയാലാണ് നൽകുന്നത്, പക്ഷെ വിശ്വാസത്താൽ അത് സ്വീകരിക്കണം. ഒരു മനുഷ്യ പിതാവ്, തന്റെ മകന് അവകാശം എന്ന നിലയിൽ ഒരു വസ്തു ദാനമായി നൽകുന്നു എങ്കിലും, അത് സ്വീകരിക്കാതെ അതിന്റെ പ്രയോജനം ആ മകന് ലഭിക്കുകയില്ല.

**വാക്യം 9**. ആ പ്രസ്താവന പിന്നെയും ഊന്നി പറയുന്നത് രക്ഷാ ദാനം കൃപയാൽ ലഭിക്കും ... സ്വീകരിക്കുവാൻ മനുഷ്യർ ശ്രമിച്ചാൽ ... **ഫലം** ലഭിക്കും. വിശ്വസിക്കലും, ആശ്രയിക്കലും, അനുസരണമുള്ള വിശ്വാസവും മനുഷ്യന്റെ പരിശ്രമമായതുകൊണ്ട്, രക്ഷക്ക് അതിന്റെ ആവശ്യമില്ല എന്നാണ് ചിലർ പറയുന്നത്. എന്നാൽ അതിന് വിപരീതമായി വിശ്വാസത്തിന് അതിന്റേതായ **പ്രവൃത്തികളുണ്ട്** എന്നതാണ് വാസ്തവം. "പ്രവൃത്തികളാൽ ... അല്ല" എന്നു പൗലൊസ് പറയുമ്പോൾ, അവൻ പറയുന്നത് യോഗ്യതാ പ്രവൃത്തികളാണ്, രക്ഷക്ക് യോഗ്യത ആർക്കുമില്ല. ഒരാൾക്ക് രക്ഷ നേടുവാൻ കഴിയുമായിരുന്നു എങ്കിൽ, ദൈവം രക്ഷ നൽകുവാൻ കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞ് അവനു **പ്രശംസിക്കുവാൻ** കഴിയുമായിരുന്നു. എങ്ങനെയായാലും, മനുഷ്യർക്ക് പ്രശംസിപ്പാൻ ഒന്നുമില്ല എന്നാണ് പൗലൊസ് പറഞ്ഞത്. അർഹതാ പ്രവൃത്തികൾകൊണ്ട് ഒരിക്കലും രക്ഷ നേടാവുന്നതല്ല, എന്നാൽ വിശ്വാസ പ്രകടനം എപ്പോഴും ആവശ്യമാണ്. യാക്കൊബ് "പ്രവൃത്തിയില്ലാത്ത വിശ്വാസം, നിർജീവമാണ്" എന്നു പറഞ്ഞപ്പോൾ അവന്റെ മനസിൽ ഉണ്ടായിരുന്നത് അതാണ് (യാക്കൊ. 2:17). "നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ചുതരിക" എന്ന് അവൻ പറഞ്ഞപ്പോൾ, സാധ്യമല്ലാത്ത ഒരു വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത് (2:18). ഒരാൾക്ക് വിശ്വാസത്തെ കുറിച്ച് സംസാരിക്കുവാൻ കഴിയും, വിശ്വാസം *കാണുവാൻ*-പ്രവൃത്തികൾ അനിവാര്യമാണ്. ഒരാൾ ദൈവകൃപയാലുള്ള രക്ഷ അനുസരണമുള്ള വിശ്വാസത്താൽ സ്വീകരിക്കുമ്പോൾ, അയാൾ ഒന്നും നേടുന്നില്ല, പ്രശംസിപ്പാനും അയാൾക്ക് ഒന്നുമില്ല. ക്രിസ്തുവിന്റെ ക്രൂശിൽ അവൻ പ്രദർശിപ്പിച്ച അവന്റെ കൃപയിൽ സന്തോഷിപ്പാൻ മാത്രമെ കഴിയു.

ഈ പോയിന്റോട് യോജിക്കുന്നതാണ് എബ്രായ ലേഖനം അദ്ധ്യായം 11-ൽ പറഞ്ഞതായ ദൈവത്തിന്റെ "വിശ്വാസികളുടെ പട്ടിക." പഴയനിയമ ദാസന്മാരെല്ലാം അവരുടെ വിശ്വാസം അനുസരണത്താൽ തെളിയിച്ചു. ഹാബേൽ നൽകി, ഹാനോക്ക് പ്രസാദിപ്പിച്ചു, നോഹ പണിതു, അബ്രഹാം അനുസരിക്കുകയും നൽകുകയും ചെയ്തു, മോശെ ഒരു തിരഞ്ഞെടുപ്പ് നടത്തി. ഇങ്ങനെയാണ് ദൈവം കരുണാധിക്യത്താൽ നൽകുന്നത് സ്വീകരിക്കുന്നത് അങ്ങനെയാണ്-ആ വിശ്വാസത്തിൽ, തീർച്ചയും, ആശ്രയവും, അനുസരണവും ഉൾപ്പെടുന്നു.

**വാക്യം 10.** വാക്യം 8 ലേതുപോലെ, താൻ മുൻപ് പറഞ്ഞതിനേയും പിന്നീട് പറയുവാൻ പോകുന്നതിനേയും ബന്ധിപ്പിച്ചുകൊണ്ടാണ് **കാരണം** എന്ന വാക്ക് പറഞ്ഞിരിക്കുന്നത്. അർഹതാ പ്രവൃത്തികൾ ചെയ്തു മനുഷ്യർക്ക് രക്ഷ നേടുവാൻ കഴിയുകയില്ലെങ്കിലും, പൗലൊസ് ക്രിസ്ത്യാനികളെ ഓർപ്പിക്കുന്നത് നാം അവന്റെ **കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു** എന്നാണ്. പ്രശംസിക്കാവുന്ന പ്രവൃത്തികളാൽ നേടിയെടുക്കാവുന്നതല്ല, മറിച്ച് ദൈവത്തിന്റെ സൗജന്യമാണ് രക്ഷ എന്ന് ആ പ്രസ്താവന ഒരിക്കൽകൂടെ ഉറപ്പിക്കുകയാണ്. രക്ഷിക്കപ്പെട്ടവരെ "സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാണെങ്കിലും," ആ പ്രവൃത്തികൾ നമ്മുടെ രക്ഷക്ക് കാരണമാകുന്നില്ല. മറിച്ച്, അവർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റപ്പോൾ ആയിരുന്നു രക്ഷിക്കപ്പെട്ടത്.

ആരംഭത്തിൽ ദൈവം ലോകത്തെ സൃഷ്ടിച്ചു, ലോകം അവന്റെ പ്രവർത്തിയാണ്. ഇപ്പോൾ ദൈവം നമ്മെ "ക്രിസ്തുവിൽ" സൃഷ്ടിച്ചതിനാൽ നാം അവന്റെ പ്രവൃത്തിയായി. ക്രിസ്തുവിലുള്ള അവന്റെ സൃഷ്ടിത്വം,പാപികളെ പാപങ്ങളിൽനിന്നു രക്ഷിച്ച് പുതുതാക്കി തീർക്കുന്നു. 2 കൊരിന്ത്യർ 5:17-ൽ പൗലൊസ് പറഞ്ഞു, "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, അല്ലെങ്കിൽ പുതിയ മനുഷ്യനാകുന്നു." പിന്നീട് അദ്ധ്യായം 2-ൽ, യെഹൂദന്മാരെയും ജാതികളെയും ക്രിസ്തുവിൽ ഇതേ രീതിയിൽ ദൈവം പ്രവർത്തിക്കുന്നതായി "സമാധാനം ഉണ്ടാക്കി ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ദൈവത്തോട് നിരപ്പിപ്പാനും തന്നെ" എന്നു പറയുന്നു (2:15). പാപികളുടെ രക്ഷയെ കുറിച്ച് 4:24-ൽ പറയുമ്പോഴും അതേ ഗ്രീക്ക് വാക്ക് (*ക്ടിസോ*) ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന്റെ സൗജന്യം മനുഷ്യനിലേക്ക് എത്തിയതാണ് രക്ഷ. ക്രിസ്തുവിൽ ദൈവം പ്രവർത്തിക്കുന്നതുമൂലമാണ് രക്ഷ ലഭിക്കുന്നത് എന്ന് ഈ വേദഭാഗം പറയുന്നു, നമുക്ക് രക്ഷ നൽകിയത് നാം സൽപ്രവൃത്തി ചെയ്യേണ്ടതിനാണ്.

ദൈവം പ്രപഞ്ചത്തെ യേശുക്രിസ്തു എന്ന ഏജന്റു മുഖാന്തരമാണ് സൃഷ്ടിച്ചത് (യോഹ. 1:1-3; എബ്രാ. 1:2; കൊലൊ. 1:16), അതുകൊണ്ട്, ക്രിസ്തുവിൽ അവൻ പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നതിന്റെയും ഏജന്റാണ് ക്രിസ്തു. പുതിയ മനുഷ്യനെ ദൈവം സൃഷ്ടിച്ചത് "സൽപ്രവൃത്തികൾക്കാണ്." ക്രിസ്തുവിൽ ആയവരുടെ ജീവിതം സൽപ്രവൃത്തികളാലാണ് അറിയപ്പെടേണ്ടത്. വാസ്തവത്തിൽ, സൽപ്രവൃത്തികൾ പുതിയ സൃഷ്ടികളുടെ ഫലം, ഉദ്ദേശം, ലക്ഷ്യം ആണ്. ആകയാൽ, യോഗ്യതാ പ്രവൃത്തികൾ ആരെയും രക്ഷിക്കുകയില്ല. രക്ഷിക്കപ്പെട്ടവർ കൃപയാൽ വിശ്വാസത്താൽ അവർ സ്നേഹത്താൽ ചെയ്യുന്ന സൽപ്രവൃത്തികളാൽ തങ്ങൾ ആരാണെന്ന് തെളിയിക്കുന്നു (ഗലാ. 5:6). വിശ്വാസത്താൽ നാം ആദ്യം ദൈവത്തോട് പ്രതികരിക്കുന്നതുപോ

ലെ, അനുസരണപ്രവൃത്തിയാലും നാം ദൈവത്തോട് പ്രതികരിക്കുകയാണ് (യാക്കൊ. 2:17 നോക്കുക), ക്രിസ്തുവിൽ ആകുന്നവർ വിശ്വാസം അഭ്യസിക്കുന്നതുപോലെ അവരുടെ സൽപ്രവൃത്തികൾ ആധികാരികമെന്ന് തെളിയിക്കുകയാണ്. അതേ ആശയം തിത്തൊ. 3:5, 8-ൽ കാണാം. അവിടെ, മനുഷ്യപ്രവൃത്തികളാലല്ല, ദൈവം വിശ്വാസികളെ രക്ഷിച്ചത്, പിന്നെയോ, രക്ഷിക്കപ്പെട്ടവർ തങ്ങളുടെ സൽപ്രവൃത്തികൾ തുടരുവാൻ ശ്രദ്ധിക്കണം.

**നാം ചെയ്തുപോരേണ്ടതിന്നു ദൈവം മുന്നൊരുക്കിയ** "സൽപ്രവൃത്തികളെ" കുറിച്ചാണ് പൗലൊസ് പറഞ്ഞത്. ലോകം ഉണ്ടാക്കുന്നതിനു മുൻപ് തന്നെ ക്രിസ്തുവിൽ നമ്മെ കാണുവാൻ ദൈവത്തിനു കഴിഞ്ഞിരുന്നു (1:4). അതുപോലെ, ക്രിസ്തുവിലായി തീർന്നവരുടെ ധാർമ്മികവും, മനുഷ്യത്വപരവുമായ പെരുമാറ്റവും അവനു മുൻകാണുവാൻ കഴിഞ്ഞിരുന്നു.

ആളുകളെ ദൈവം രക്ഷിക്കുവാനുള്ള ഉദ്ദേശത്തിന്റെ ഭാഗമായിരുന്നു "സൽപ്രവൃത്തികൾ"; രക്ഷിക്കപ്പെട്ട നമ്മുടെ ഉദ്ദേശത്തിന്റെ ഭാഗമാണ്, "അവയിൽ നടക്കുക" എന്നത്. ദൈവത്തിന്റെ നിത്യമായ പദ്ധതിയിലെ സൽപ്രവൃത്തിയുടെ ശക്തിയും അവന്റെ പദ്ധതി നിറവേറ്റുന്നതും രക്ഷിക്കപ്പെട്ടവരുടെ പുതിയ ജീവിതത്തിൽ കാണുവാൻ കഴിയും. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുന്നതിന് എടുക്കുന്ന തീരുമാനത്തിന്റെ ഭാഗമാണ് സൽപ്രവൃത്തികൾ ചെയ്യുവാൻ തീരുമാനിക്കുക എന്നത്.

## പ്രായോഗികത

### ക്രൂശിന് മുകളിൽ-മനസലിവുള്ള ഒരു ദൈവം ഉണ്ട്

**(2:4-12)**

"എന്നാൽ ദൈവമോ" എന്ന വാക്കുകൾ ലോകത്തിൽ വളരെ വ്യത്യാസം ജനിപ്പിച്ചിരിക്കുന്നു. വാക്യം 4-ൽ "ദൈവം എല്ലാവരേയും ശിക്ഷിച്ചു" എന്നോ അല്ലെങ്കിൽ "അവരെ ഓരോരുത്തരേയും അവസാനം വരെ നശിപ്പിച്ചു" എന്നോ കാണുവാനായിരിക്കും നാം പ്രതീക്ഷിക്കുക. അതിനു പകരം ദൈവത്തിന്റെ മനസലിവിനെയാണ് പൗലൊസ് പറയുന്നത്.

"*കരുണാ സമ്പന്നൻ.*" ദൈവം കരുണയുള്ളവൻ മാത്രമല്ല. അവൻ കരുണാ സമ്പന്നനാണ്. അർഹതപ്പെട്ടത് തടഞ്ഞുവെക്കുകയാണ് കരുണ. പാപികൾ നാശത്തിന് അർഹരാണ്. എന്നാൽ ദൈവത്തിന്റെ കരുണ ആ നാശത്തെ ഒഴിവാക്കുന്നു.

"*അവന്റെ ശ്രേഷ്ഠമായ സ്നേഹം.*" അതുകൊണ്ടാണ് ദൈവം പാപികളിലേക്ക് തന്റെ കരുണ നീട്ടിയത്. തന്റെ വലിയ സ്നേഹത്താൽ അവൻ എല്ലാ പാപികളേയും സ്നേഹിക്കുന്നു.

"*കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടത്.*" "ദൈവത്തിന്റെ കൃപ, നേടിയെടുക്കുവാനോ, അർഹതപ്പെടുവാനോ, യോഗ്യതയുള്ളതാകുവാനോ സാധ്യമല്ല." പാപികൾക്ക് അർഹമായത് നൽകാതിരിക്കുന്നതാണ് കൃപ. ഈ സത്യങ്ങൾ ശ്രദ്ധിക്കുക: നീതി ഒരാൾക്ക് അർഹമായത് നൽകുന്നു, എന്നാൽ നീതിമാനായ ദൈവം, പാപികളെ നഷ്ടപ്പെടുവാൻ അനുവദിക്കുന്നു; കരുണ അർഹമായത് തടഞ്ഞുവെക്കുന്നു, കാരണം ദൈവം കരുണാസമ്പന്നനാണ്; എന്നാൽ കൃപ അയാൾക്ക് ഒരിക്കലും അർഹമല്ലാത്തതു നൽകുന്നു. പാപത്തിൽ ജീവിക്കണോ അതോ ദൈവനീതിയിൽ വരണോ എന്ന് ഓരോരുത്തരും തീരുമാനിക്കണം-പാപത്തിൽ ജീവിക്കുന്നത് മരണമാണ്-അല്ലെങ്കിൽ

ക്രിസ്തുവിൽ, ദൈവത്തിന്റെ സ്നേഹവും, കരുണയും, കൃപയും സ്വീകരിച്ച് രക്ഷിക്കപ്പെടണം. കൃപയാൽ വിശ്വാസം മൂലം ഒരു പാപി രക്ഷിക്കപ്പെടുന്നതു വരെ അയാൾ ദൈവവും ക്രിസ്തുവും ഇല്ലാത്ത ആളായിരിക്കും (2:12).

ജേയ് ലോക്ഹാർട്ട്

**അവന്റെ കൃപയുടെ ട്രോഫികൾ (2:1-10)**

കായിക മൽസരത്തിൽ ജയിക്കുന്നവർക്ക് ട്രോഫികൾ, റിബണുകൾ, മെഡലുകൾ എന്നിവ സമ്മാനമായി നൽകാറുണ്ട്. അവർ വ്യക്തിഗതമായി നേടിയ അംഗീകാരത്തിന് ലഭിക്കുന്ന പ്രതിഫലമാണ് അവ. ഇത് പണ്ട് ഒളിമ്പിക് ഗെയിംസ് ആരംഭിച്ചതു മുതൽ തുടങ്ങിയതാണ്, അത് പൗലൊസിന്റെ വായനക്കാർക്ക് പരിചയമുള്ളതായിരുന്നു (1 കൊ. 9:24; 2 തിമൊ. 2:5). അതിശയിപ്പിക്കുന്നു എന്നു തോന്നുന്ന വിധത്തിൽ ദൈവം ട്രോഫികളും സമ്മാനിക്കുന്നു. അത് നാം എഫെസ്യർ 2:1–10–ൽ കാണാം,

*നമ്മുടെ ഭൂതകാലം.* തിരഞ്ഞെടുപ്പിലും, വീണ്ടെടുപ്പിലും, അവകാശത്തിലും നമുക്ക് വേണ്ടി ദൈവം ചെയ്തതിനെ കുറിച്ചാണ് പൗലൊസ് പറഞ്ഞത്. എങ്ങനെയായാലും, യിസ്രായേലിന്റെ ദൈവ മുൻപാകെയുള്ള നമ്മുടെ അവസ്ഥ നാം മനസിലാക്കാതെ, ദൈവം ചെയ്തിനെ നമുക്ക് അനുമോദിക്കുവാൻ കഴിയുകയില്ല. “മോശമായ വാർത്തയാണ്” ക്രിസ്തുവിലുള്ള “സുവാർത്തയിലേക്ക്” തിരിയുവാൻ നമ്മെ പ്രേരിപ്പിച്ചത്. പൗലൊസ് നമ്മുടെ ഭൂതകാലത്തെ കുറിച്ച് പറയുമ്പോൾ, നമ്മിലെല്ലാവരിലും ഉണ്ടായിരുന്ന നാല് സ്വഭാവവിശേഷതകൾ പറയുന്നു.

1. നാം മരിച്ചവരായിരുന്നു (2:1). തീർച്ചയായും അവൻ നമ്മുടെ ഭൗതിക ശരീരങ്ങളെ കുറിച്ചല്ല സംസാരിച്ചത്, മറിച്ച് അവൻ നമ്മുടെ ആത്മാക്കളെ കുറിച്ചാണ് സംസാരിച്ചത്. ആന്തരിക മനുഷ്യൻ മരിച്ചിരുന്നു. ഏദെൻ തോട്ടത്തിൽ വെച്ച് ആദാം വിലക്കപ്പെട്ട ഫലം ഭക്ഷിച്ചപ്പോൾ, അവന്റെ ആത്മാവ് ദൈവത്തിന്റെ ആത്മാവിനോടുള്ള ബന്ധം വിഛേദിക്കപ്പെട്ടു. അവൻ മരിച്ചതുപോലെ, നാമും നമ്മുടെ പാപം നിമിത്തം ആത്മിയമായി മരിച്ചിരുന്നു.

മരിച്ച ഒരാൾക്ക് മറ്റെന്തിനേക്കാളും അധികമായി എന്താണ് ആവശ്യം? അവന് ജീവൻ ആണ് ആവശ്യം! ക്രിസ്തു പറഞ്ഞു, “ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കുകയില്ല” (യോഹ. 11:26). ഇവിടെ പറയുന്ന മരണം ആത്മാവും ശരീരവും തമ്മിലുള്ള വേർപാട് അല്ല, പക്ഷെ ആത്മാവും ദൈവവും തമ്മിലുള്ള വേർപാടാണ്. നിത്യജീവൻ എന്നത് എന്നേക്കുമുള്ള വെറും ജീവിതമല്ല. നരകത്തിലുള്ള ആത്മാക്കളും എന്നേക്കും ജീവിക്കും. യോഹന്നാൻ 17:3 പറയുന്നത്, “നിന്നേയും നീ അയച്ച യേശുക്രിസ്തുവിനേയും അറിയുന്നതത്രേ നിത്യജീവൻ.”

ക്രിസ്തുവിനെ അറിഞ്ഞ് അവനോട് ശക്തമായ ബന്ധം പുലർത്തുന്ന ഒന്നാണ് വാസ്തവത്തിലുള്ള ജീവിതം. നമ്മുടെ നഗരം മരിച്ചവരെ കൊണ്ട് നിറഞ്ഞിരിക്കുകയാണ്; അവർ മരിച്ചവരാണ് കാരണം, ജീവന്റെ ഉറവിടമായ ക്രിസ്തുവുമായി അവർക്ക് ബന്ധമൊന്നുമില്ല.

2. നാം അധീനമാക്കപ്പെട്ടിരുന്നു (2:2). ആകാശത്തിലെ അധികാരത്തിന് നാം അധീനരായിരുന്നു. തീർച്ചയായും അത് സാത്താനാണ്. ഭൂമിയിൽ സ്ത്രീകളെയും പുരുഷന്മാരെയും ഇപ്പോൾ വഴിതിരിച്ചുവിട്ട് ആത്മിയമരണത്തിലേക്ക് നയിക്കുന്നത് അവൻ ആണ്.

തെരുവിലെ ശരാശരി വ്യക്തി ഒരുപക്ഷെ വാദിച്ചേക്കാം, "ഞാൻ ആർക്കും അധീനനല്ല. എനിക്ക് ഇഷ്ടമുള്ളത് ചെയ്യുവാൻ ഞാൻ സ്വതന്ത്രനാണ്." അവന് എന്തു ചെയ്യുവാനും സ്വാതന്ത്ര്യമുണ്ട്; അയാൾ ശരിയായത് ചെയ്യുവാൻ തുനിയുന്നില്ല എന്നതാണ് പ്രശ്നം.

ആളുകളുടെ ഹൃദയം സാത്താൻ കൈവശമാക്കി നിയന്ത്രിക്കുകയും വഞ്ചിക്കുകയും ചെയ്യുമ്പോൾ, വാസ്തവത്തിൽ അങ്ങനെയുള്ള സാത്താന് അടിയറവ് പറയുകയാണ്.

3. നാം അനുസരണക്കേടിലായിരുന്നു (2:2). ഏദെൻ തോട്ടത്തിലെ ആദ്യ മനുഷ്യരുടെ പ്രശ്നം അനുസരണക്കേടായിരുന്നു. ആദാമിനും ഹവ്വക്കും ദൈവം തിരഞ്ഞെടുപ്പ് നൽകി. അവർ ദൈവത്തിനെതിരായത് തിരഞ്ഞെടുത്തു. അന്നു മുതൽ ആളുകൾ മൽസരികളായി അനുസരിക്കാതെയാണ് ജീവിക്കുന്നത്.

ദൈവം പറയുന്നു, "നിന്റെ കൂട്ടുകാരനെ സ്നേഹിക്ക." എന്നാൽ ആളുകൾ അന്യോന്യം വെറുക്കുന്നു. ദൈവം പറയുന്നു, "നിന്റെ ഭാര്യയോട് വിശ്വസ്തനായിരിക്ക." എന്നാൽ പുരുഷന്മാർ സ്വന്ത ഭാര്യമാരെ വഞ്ചിക്കുന്നു. ദൈവം പറയുന്നു, "നിങ്ങൾ എനിക്ക് പ്രഥമസ്ഥാനം നൽക." പക്ഷെ ആളുകൾ തങ്ങളുടെ അവശിഷ്ടങ്ങളാണ് ദൈവത്തിന് നൽകുന്നത്. മനുഷ്യരിൽ അനുസരണക്കേട് അലിഞ്ഞു ചേർന്നിരിക്കുകയാണ്.

4. നമ്മെ ശിക്ഷിച്ചിരുന്നു (2:3). നമ്മുടെ ദുഷിച്ച വഴികൾ കാരണം ശരിയായി ജീവിക്കാതെ, മനപ്പൂർവ്വമായി അനുസരണക്കേടിലായതു നിമിത്തം നാം ദൈവകോപത്തിനിരയായി. പ്രപഞ്ചത്തിന്റെ പരിശുദ്ധനും നിർമ്മലനും ആയ ദൈവമുൻപാകെ, നാം കുറ്റമുള്ളവരായിരുന്നു. ദൈവത്തിന്റെ നീതി ആവശ്യപ്പെടുന്ന രീതിയിൽ നിത്യ ദണ്ഡനത്തിനു ശിക്ഷിക്കാവുന്ന സ്ഥാനത്തായിരുന്നു നാം. നമ്മുടേതായ തീരുമാനങ്ങളും പ്രവൃത്തികളും നിമിത്തം, പ്രത്യാശയില്ലാതെ നാം നമുക്ക് തന്നെ അന്തിമസ്ഥാനം ഒരുക്കിയിരുന്നു.

*നമ്മുടെ വർത്തമാനകാലം*. അത് മോശമായ വാർത്തയായി–നാം നമ്മുടെ പ്രവൃത്തികളാൽ നമുക്ക് വേണ്ടി ചെയ്തുകൊണ്ടിരുന്നു. അടുത്തത്, നമ്മുടെ പ്രതിസന്ധിയിൽ നിന്നു പറന്നു കടക്കുവാൻ ദൈവം നമുക്ക് വേണ്ടി എന്തു ചെയ്തു എന്നതാണ് സുവാർത്ത. മനുഷ്യർ രക്ഷക്കുവേണ്ടി എന്തു ചെയ്തു എന്നതല്ല, പിന്നെയോ ദൈവം എന്തെല്ലാം ചെയ്തു എന്നതാണ് പ്രസക്തം.

1. നാം ഉയർത്തെഴുന്നേറ്റിരിക്കുന്നു (2:4, 5). മരിച്ച ഒരു മനുഷ്യനെ ജീവിതത്തിലേക്ക് കൊണ്ടുവന്നപ്പോൾ, അത് കൃപയാലാണ് സംഭവിച്ചത്. മരിച്ച ആ മനുഷ്യന് സ്വയമായി എന്തുചെയ്യുവാൻ കഴിയും? ഒന്നും ചെയ്യുവാൻ കഴിയുകയില്ല! അയാൾക്ക് വേണ്ടി മറ്റാരെങ്കിലും വേണം എന്തെങ്കിലും ചെയ്യുവാൻ. അതുകൊണ്ടാണ് രക്ഷ കൃപയാൽ വെച്ചിരിക്കുന്നത്. ദൈവം മനുഷ്യർക്ക് രക്ഷ നൽകിയില്ലായിരുന്നുവെങ്കിൽ, മനുഷ്യന് അത് ഒരിക്കലും ലഭിക്കുമായിരുന്നില്ല.

എങ്ങനെയാണ് മരിച്ച മനുഷ്യന് ജീവൻ ലഭിക്കുന്നത്? ഒരു ഉദാഹരണത്താൽ ചെയ്യുവാൻ കഴിയുമോ? നമുക്ക് ഒരു ശവപ്പെട്ടിയുടെ മുൻപിൽ ചാടിവീണ് "ഇങ്ങനെയാണ് ആളുകളെ ജീവിപ്പിക്കുന്നത്" എന്നു പറഞ്ഞു കാണിച്ചു കൊടുക്കുവാൻ പറ്റുമോ? ഇല്ല, മരിച്ച ഒരു വ്യക്തിയുടെ പ്രശ്നം പരിഹരിക്കുവാൻ ഉദാഹരണം മതിയായതല്ല! അതുപോലെയാണ് ആത്മിയമായ അവസ്ഥയും.

*പരിതസ്ഥിതിയെ* സംബന്ധിച്ചോ? നമുക്ക് ഒരാളെ ഒരു പ്രദേശത്തു കൊണ്ടുപോയി സമൃദ്ധിയുണ്ടാകുന്നതെങ്ങനെ എന്ന് ആളുകളുടെ അടുത്ത് കൊണ്ടുപോയി കാണിച്ചുകൊടുക്കുവാൻ കഴിയും. എങ്ങനെയായാലും, അത് അയാളെ ആത്മിയമായി ജീവിപ്പിക്കുകയില്ല,

പരിശ്രമിക്കാവുന്ന മറ്റൊരു തിരഞ്ഞെടുപ്പാണ് *പ്രോൽസാഹനം*. നമുക്ക് അയാളോട് സംസാരിക്കുവാൻ കഴിയും. അറിയ-പ്പെടുന്ന പ്രചോദകനായി സംസാരിക്കുന്ന വ്യക്തിയെ കൊണ്ടുപോയി ഇങ്ങനെ പറയിപ്പിക്കാം: “ഉണരുക! ക്രിയാത്മകമായി ചിന്തിച്ചാൽ, നിങ്ങൾക്ക് ഇതു ചെയ്യുവാൻ കഴിയും!”

ആ സമീപനങ്ങളൊന്നും വിജയിക്കുകയില്ല. മരിച്ച മനുഷ്യന് ജീവൻ ആണ് ആവശ്യം! ഉയർത്തെഴുന്നേൽപ്പിൽ കുറഞ്ഞ യാതൊന്നും നമ്മുടെ പ്രശ്നത്തിന് പരിഹാരമാകുകയില്ല. ദൈവം ഇറങ്ങി വന്നു നമ്മുടെ ആത്മാക്കളിൽ വസിക്കണം. ക്രിസ്തു പറഞ്ഞു, “ഞാൻ ... ജീവനാകുന്നു” (യോഹ. 11:25). മരിച്ച മനുഷ്യന് ഒഴിച്ചുകൂടാൻ പറ്റാത്ത ആവശ്യം ക്രിസ്തു ആണ്.

ഒരു രോഗി സൗഖ്യമാകുന്നതല്ല ക്രിസ്ത്യാനിത്വം. അത് മരിച്ച മനുഷ്യന് ജീവൻ ലഭിക്കുന്നതാണ്. ദൈവത്തിന്റെ കൃപാ മഹത്വപ്രകാരം നാം പുതിയ ജീവന്റെ ഗുണഭോക്താക്കളായി. നാം ക്രിസ്തുവിനോടുകൂടി ഉയർത്തെഴുന്നേറ്റിരിക്കുന്നു.

2. നമുക്ക് വിശ്രമം നൽകിയിരിക്കുന്നു (2:6). ബൈബിളിൽ ഇരിക്കുന്നു എന്നു പറയുമ്പോൾ, ജോലി പൂർത്തിയാക്കി എന്നാണ് അർത്ഥം. ഉദാഹരണത്തിന് ലേവ്യാപുരോഹിതന്മാരുടേതിനേക്കാൾ, യേശുവിന്റെ ശുശ്രൂഷ ശ്രേഷ്ഠമെന്ന് കാണിച്ച് എബ്രായ ലേഖകൻ പറയുന്നു: “ഏത് പുരോഹിതനും ദിവസേന ശുശ്രൂഷിച്ചും പാപങ്ങളെ പരിഹരിപ്പാൻ ഒരുനാളും കഴിയാത്ത അതേ യാഗങ്ങളെ കൂടെക്കൂടെ കഴിച്ചുംകൊണ്ട് നിൽക്കുന്നു, [യേശുവോ] പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും പിതാവിന്റെ വലത്തുഭാഗത്ത് *ഇരിക്കുന്നു*” (എബ്രാ. 10:11, 12; എംഫസിസ് ആഡഡ്).

മനുഷ്യരുടെ രക്ഷക്കുവേണ്ടി യേശു ക്രൂശിൽ തന്റെ പ്രവൃത്തികൾ പൂർത്തിയാക്കി, അതുകൊണ്ട് അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു. നമ്മുടെ വീണ്ടെടുപ്പിനും അവകാശത്തിനുമായി ഇനി മറ്റൊന്നും ചെയ്യേണ്ടതായിട്ടില്ല. അവന്റെ വീണ്ടെടുപ്പ് പദ്ധതി പൂർത്തിയാക്കി; നിത്യജീവൻ വിലക്ക് വാങ്ങിയതിനാൽ ഇനി അവനു വിശ്രമിക്കാം.

ഇപ്പോൾ നമ്മെ അവനോടുകൂടെ സ്വർഗത്തിൽ ഇരുത്തിയിരിക്കുന്നു എന്നാണ് പൗലൊസ് പറയുന്നത്. നാം തിരക്കിട്ട് സ്വർഗത്തിൽ പ്രവേശിക്കേണ്ട ആവശ്യമില്ല. യേശുവിലുള്ള നിത്യജീവൻ നമ്മുടേതായി കഴിഞ്ഞിരിക്കുന്നു. “സകലവും തികഞ്ഞിരിക്കുന്നു!” എന്നു ഉച്ചത്തിൽ നിലവിളിച്ചവനിൽ ദൈവകൃപയാൽ നമുക്ക് ആശ്രയിക്കാം.

നമ്മുടെ അഭ്യുദയം. നമ്മുടെ രക്ഷ പൂർത്തിയാക്കിയതിനാൽ, നാം ദൈവത്തിന്റെ ട്രോഫികളായി തീർന്നിരിക്കുന്നു: “ക്രിസ്തുയേശുവിൽ നമ്മെ കുറിച്ചുള്ള വാൽസല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്ന് ക്രിസ്തുയേശുവിൽ അവനോടുകൂടി ഉയർത്തെഴുന്നേൽപിച്ചു സ്വർഗത്തിൽ ഇരുത്തുകയും ചെയ്തു” (2:7). ഭാവി നിത്യതയിൽ, ദൈവകൃപയുടെ മാഹാത്മ്യവും വിസ്മയിപ്പിക്കുന്ന ട്രോഫികളായി സ്വർഗീയ ദൂതന്മാരുടെ മുൻപിൽ നാം പ്രത്യക്ഷരാകും. ദൈവകൃപയുടെ മാഹാത്മ്യത്തെ അതിരു കവിഞ്ഞ അത്ഭുതത്തോടെയാണ് ദൂതന്മാർ നോക്കുന്നത്. അയോ

ഗ്യരും അവിശുദ്ധരുമായിരുന്ന നമ്മെ ദൈവം വീണ്ടെടുക്കുവാൻ നമ്മിൽ പ്രസാദിച്ചതിൽ അവർ അതിശയോക്തിപരമായി പരിശുദ്ധ ദൈവത്തെ നോക്കുകയാണ് (വെളി. 7:9–12).

1. ദൈവത്തിന്റെ പദ്ധതി (2:8, 9). ദൈവത്തിന് മഹത്വം കൊടുക്കുന്ന വിധത്തിലുള്ള ഒരു നിത്യ പ്രദർശനമാണ് നടത്തുന്നതെങ്കിൽ, നമ്മെ രക്ഷിക്കുവാനുള്ള പദ്ധതിയിൽ നമുക്ക് ആർക്കും പ്രശംസിക്കുവാൻ വകയില്ല, എന്തായിരുന്നു അവന്റെ പദ്ധതി? പൗലൊസ് പറയുന്നു, "*കൃപയാൽ വിശ്വാസം മൂലമത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു*; അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെ ആകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല." (2:8, 9; എംഫസിസ് ആഡഡ്).

കൃപയാൽ രക്ഷിക്കപ്പെടുക എന്നു പറഞ്ഞാൽ എന്താണ്? അതിനർത്ഥം ദൈവത്തിന് ആരെയും രക്ഷിക്കേണ്ടതായിട്ടില്ല. അവനു വേണമെങ്കിൽ, നമ്മെ മരിക്കുവാൻ അനുവദിച്ച് നിത്യനരകത്തിലേക്ക് അയച്ച്, അവനു നീതിമാനും പരിശുദ്ധനുമായി നിലനിൽക്കാമായിരുന്നു. നാം ചെയ്തതനുസരിച്ച് ദൈവത്തിനു നമ്മോട് ഒരു കടപ്പാടുമില്ലെങ്കിലും തന്റെ സ്നേഹം നിമിത്തമാണ് അവൻ നമുക്കായി ചെയ്തതെല്ലാം. മനുഷ്യനു സ്വയമായി ചെയ്വാൻ കഴിയാതിരുന്നത് ദൈവം സ്വയമായി തീരുമാനിച്ചു ചെയ്യുന്നതാണ് കൃപ.

അനുസരണമുള്ള വിശ്വാസം മാത്രമാണ് പ്രതികരണമായി ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. ദൈവത്തിന്റെ രക്ഷാ പദ്ധതിയെ നാം സ്വീകരിക്കണം, അവനെ നാം വിശ്വസിക്കുകയും അനുസരണത്തോടെ പ്രതികരിക്കയും ചെയ്യുമ്പോൾ അവൻ നമ്മുടെ പാപങ്ങൾ മോചിക്കുകയും പുതിയ ജീവൻ നൽകുകയും ചെയ്യും.

ദൈവം നമ്മോട് സ്വീകരിക്കുവാൻ പറഞ്ഞത് എന്തു പദ്ധതിയാണ്? പെന്തെകൊസ്തുനാളിൽ പത്രൊസ് ആദ്യം സുവിശേഷം പ്രസംഗിച്ചപ്പോൾ, ദൈവം വെളിപ്പെടുത്തിയ അതേ പദ്ധതി തന്നെയാണ് ഇപ്പോഴും ഉള്ളത്: "മാനസാന്തരപ്പെട്ട് ഓരോരുത്തൻ പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃ. 2:38).

കൃപയാലാണ് ദൈവം തന്റെ പദ്ധതി നടപ്പാക്കുന്നത്. അത് വിശ്വാസത്താൽ നാം പ്രമാണിക്കുമ്പോഴാണ് ആ പദ്ധതി നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകുന്നത്.

2. ദൈവത്തിന്റെ ഉദ്ദേശം (2:10). ദൈവകൃപയുടെ ട്രോഫികളായി ദൈവമുൻപാകെ കാണിക്കുമ്പോൾ, നാം എന്തു ചെയ്യുകയായിരിക്കും? "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവമുന്നൊരുക്കിയിരിക്കുന്നു" (2:10).

നാം സൽപ്രവൃത്തികളാൽ രക്ഷിക്കപ്പെടുന്നില്ല. സഭയിൽ സന്നിഹിതരാകുകയും, എല്ലാ ആഴ്ച്ചയും കർത്തൃമേശ ആചരിക്കുകയും, പത്തുകൽപനകൾ പ്രമാണിക്കുകയും, നല്ല അയൽക്കാരനായിരിക്കുകയും, ധാർമ്മികവും ആദരണീയവുമായ ജീവിതം നയിച്ചാൽ മാത്രം സ്വർഗത്തിൽ പോകും എന്നു ധരിക്കരുത്.

എങ്ങനെയായാലും, അതിനർത്ഥം ദൈവം നമ്മിൽനിന്നു നല്ല പ്രവൃത്തികൾ പ്രതീക്ഷിക്കുകയില്ല എന്നും കരുതരുത്. വാസ്തവത്തിൽ വാക്യം 10 നമ്മെ

പഠിപ്പിക്കുന്നത്, നാം സൽപ്രവൃത്തികൾ ചെയ്യേണ്ടതിനാണ് ദൈവം നമ്മെ അവന്റെ കൃപയാൽ രക്ഷിച്ചത് എന്നതാണ് വാസ്തവം. നാം ചെയ്തുപോരേണ്ട സൽപ്രവൃത്തികളെ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് എഫെസ്യർ 4–6-ൽ പറയുന്നു, അതാണ് നമ്മെ സമൂഹത്തിൽനിന്നു വ്യത്യസ്തരാക്കി മാറ്റുന്നത്. എങ്ങനെയും, നമ്മുടെ ഇഷ്ടം പോലെ ജീവിക്കേണ്ടതിനല്ല ഈ ജീവിതം നമുക്ക് നൽകിയിട്ടുള്ളത്. അവന്നു മഹത്വം കരേറ്റേണ്ടതിനാണ് അവൻ നമുക്ക് പുതിയ ജീവൻ നൽകിയത്. നമ്മെ അവന്റെ കൃപയുടെ ട്രോഫികളായി തിരഞ്ഞെടുത്തതിന്റെ കാരണം തന്നെ അതാണ്.

*ഉപസംഹാരം.* അവസാനം എല്ലാവരും ആരുടെയെങ്കിലും ട്രോഫികളായി മാറും. ഒരാൾ ദൈവത്തിനെതിരായി മൽസരിക്കുന്നത് തുടർന്നാൽ, അയാൾ പാപത്തിൽ മരിക്കയും, നിത്യത നരകത്തിൽ ചെലവഴിക്കുകയും, സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങി അവന്റെ ട്രോഫികളാക്കി മാറ്റുകയും ചെയ്യും. അതിൽനിന്നു വ്യത്യസ്തമായി ഒരാൾ ക്രിസ്തുവിനോട് വിശ്വാസത്താൽ പ്രതികരിച്ച് ദൈവത്തിന്റെ രക്ഷിക്കുന്ന കൃപയുടെ നിത്യട്രോഫിയായി തീരും.

ക്രിസ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]കെന്നെത്ത് എസ്. വൂവെസ്റ്റ്’സ്, *വൂവെസ്റ്റ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റമെന്റ് ഫോർ ദ ഇംഗ്ലീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 65. [2]വില്യം ബാർക്ലേ *മോർ ന്യു ടെസ്റ്റമെന്റ് വേർഡ്സ്* (ന്യുയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1958), 11–24. [3]ഇബിഡ്., 21. [4]വൂവെസ്റ്റ്, 66. [5]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യു ടെസ്റ്റമെന്റ്, 2ഡ് എഡി.* (ചാറ്റനൂഗാ, ടെന്ന: ഏഎംജി. പബ്ലിഷേഴ്സ്, 1992), 967. [6]ആൻഡ്രൂ ടി. ലിങ്കൺ, എഫെഷ്യൻസ്, വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 110. [7]ഇബിഡ്. [8]എതെൽബെർട്ട് ഡബ്ലിയു. ബല്ലിൻഞ്ചർ, *ഏ ക്രിട്ടിക്കൽ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രേറി, 1975), 95. [9]സി. ജി. വിൽകെ ആന്റ് വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് ഹെൻറി തേയർ (എഡിൻബറോ ടി & ടി ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 511; കൂടാതെ നോക്കുക, വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യു ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 816–18.